● പഠനം

● പ്രഫ. മുഹമ്മദ് ബശീർ

# ഇസ്തിഗാസ
## ചില സംശയങ്ങളും മറുപടിയും

**'സയ്യിദ്' എന്ന പദം ഒരു വിശേഷണമാണ്. അതിന്റെ ശരിയായ അർത്ഥത്തിൽ അത് അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതാണ്. നബി(സ)ക്കോ, മറ്റുള്ളവർക്കോ ആ വിശേഷണം നൽകപ്പെട്ടാൽ അതിന്റെ സാങ്കേതികാർത്ഥം മാത്രമാണ് ഉദ്ദേശിക്കപ്പെടുന്നത്. അത് പക്ഷെ ബർസഖീലോകത്ത് പ്രായോഗികമല്ലതാനും, അതുകൊണ്ടാണ് നബി(സ)യുടെ വഫാത്തിനെത്തുടർന്ന് ജനങ്ങൾ അസ്വസ്ഥരായപ്പോൾ അബൂബക്കർ (റ) ഇപ്രകാരം പറഞ്ഞത്, 'ആരെങ്കിലും മുഹമ്മദിനെ ആരാധിച്ചിരുന്നുവെങ്കിൽ അദ്ദേഹം മരിച്ചിരിക്കുന്നു.'**

### ഒരു തെറ്റിദ്ധാരണ

**يرشد تعالى العصاة المذنبين إذا وقع منهم الخطأو العصيان أن يأتوا إلى الرسول (ص)**

ഇബ്നു കസീർ(റ) വിന്റെ ഈവാചകം സർവ്വ ദോഷികളേയും ഉൾക്കൊള്ളുന്നില്ലേ?

ഒരു തെറ്റിദ്ധാരണയിൽ നിന്നാണ് ഈ സംശയം ഉടലെടുത്തത്. അതായത് **العصاة المذنبين** (അനുസരണക്കേട് കാണിച്ച കുറ്റക്കാർ) എന്നപ്രയോഗത്തിൽ നിന്നും തെറ്റു ചെയ്ത എല്ലാവരും എന്ന് മനസ്സിലാക്കി. വാസ്തവമെന്താണ്?

ഈ സൂക്തം അതിനുമുമ്പ് പറയപ്പെട്ട ഏതാനും സൂക്തങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്നതാണ്. എന്തുകൊണ്ട്? സൂക്തത്തിലുള്ളത് **ولو أنهم** എന്നാണ്. **أنهم** എന്നതിന്റെ അർത്ഥം നിശ്ചയം അവർ എന്നാണ് . അവർ എന്ന് പറയണമെങ്കിൽ അതിന്റെ മുമ്പ് ആരെയോ പരാമർശിച്ചിരിക്കണം. കാരണം അവർ എന്നത് സർവ്വനാമമാണ്. അപ്പോൾ ഏതാണ് ആ നാമം? **المنافقين** എന്നതാണത്

അപ്പോൾ കാര്യം വ്യക്തമായി **ولوأنهم** 'നിശ്ചയം അവർ അഥവാ മുനാഫിഖുകൾ'. ഈ സൂക്തത്തിൽ സൂചിപ്പിക്കുന്ന മുനാഫിഖുകളാകട്ടെ പ്രശ്നപരിഹാരാധികാരം പ്രവാചകനിൽ നിന്ന് മാറ്റി മറ്റുള്ളവർക്ക് നൽകുക വഴി മഹാപാതകം ചെയ്തവരാണ്. അല്ലാഹുവിനോട് അനുസരണക്കേട് കാണിച്ചവരാണ്. പ്രവാചകന്റെ മനസ്സിൽ വിഷമം ഉണ്ടാക്കിയവരാണ്. ഇനി ചിന്തിക്കുക: ഇബ്നു കസീർ (റ) പറഞ്ഞ **العصاة المذنبين** എന്നത് കൊണ്ട് ഉദ്ദേശിച്ചത് ആരെയായിരിക്കും? സൂക്തത്തിനാണല്ലോ അദ്ദേഹം വ്യാഖ്യാനമെഴുതിയത്. സൂക്തത്തിലെ സർവ്വനാമം മുനാഫിഖുകളെ ഉദ്ദേശിച്ചാണെന്ന് നാം കണ്ടുവല്ലോ. ആ സർവ്വനാമത്തിന്റെ

അർത്ഥം എന്ന നിലയിലാണ് العصاة المذنبين എന്നു അദ്ദേഹം പറഞ്ഞിട്ടുള്ളത്. ഗോതമ്പ് പൊടിച്ചാൽ എങ്ങിനെയാണ് അരിപ്പൊടി കിട്ടുക? മുനാഫിഖുകൾ എന്ന് അർത്ഥം വരുന്ന സർവ്വനാമത്തിന് അനുസരണക്കേട് കാണിച്ച കുറ്റം ചെയ്ത വർ എന്ന് വ്യാഖ്യാനമെഴുതിയാൽ കുറ്റം ചെയ്ത വിശ്വാസികൾ എന്ന് അർത്ഥമാകുമോ? അതോ തെറ്റുചെയ്ത മുനാഫിഖുകൾ എന്നാണോ അർത്ഥമാകുക? സംശയമില്ല തെറ്റു ചെയ്ത മുനാഫിഖുകൾ എന്നുതന്നെയാണ് അർത്ഥമാകുക.

ഈ വസ്തുത അർത്ഥശങ്കക്കിടമില്ലാത്തവിധം വ്യക്തമാക്കുന്നതാണ് തുടർന്ന് പറഞ്ഞ أن يأتوا إلى الرسول (പ്രവാചകന്റെ അടുത്തേക്ക് അവർ വരാൻ) എന്ന വാചകം. ഇതു പ്രവാചകന്റെ ജീവിത കാലത്തുമാത്രമാണല്ലോ സാധ്യമാകുക. അപ്പോൾ പ്രവാചകന്റെ കാലത്ത് ജീവിച്ചിരുന്ന ഒരു പ്രത്യേക വിഭാഗത്തെ കുറിച്ചാണിതു പറഞ്ഞതെന്ന് വ്യക്തം. നബി(സ) യുടെ വഫാത്തിനു ശേഷം തെറ്റു ചെയ്ത എല്ലാവരും അവിടത്തെ സമീപ്പിക്കണമെന്ന ആശയമാണ് ഇബ്നു കസീർ (റ) പറയാനുദ്ദേശിച്ചിരുന്നതെങ്കിൽ وبعد وفاته إلى قبره (ص) (നബിയുടെ വഫാത്തിനു ശേഷം അവിടത്തെ ഖബറിടത്തിലേക്ക്) എന്നു കൂടെ അദ്ദേഹം പറയുമായിരുന്നു.

ചുരുക്കത്തിൽ, ഇമാം ഇബ്നു കസീർ ഉൾപ്പെടെയുള്ള പ്രഗൽഭരായ ഖുർആൻ വ്യാഖ്യാതാക്കളെല്ലാം പറഞ്ഞിട്ടുള്ളത് ഈ സൂക്തം ഒരു പ്രത്യേക വിഭാഗം മുനാഫിഖുകളെ കുറിച്ചാണെന്നാണ്. ഇനി നമുക്ക് ഈ സൂക്തത്തിന്റെ വ്യാഖ്യാനവേളയിൽ ചില മുഫസ്സിറുകൾ ഉദ്ധരിച്ച രണ്ട് അഅ്റാബികളുടെ കഥകൾ പരിശോധിക്കാം.

**ബദവിയുടെ കഥ- 1**

**روى أبوصالح عن على قال : قدم علينا اعرابي بعد ما دفنا رسول الله (ص) بثلاثة أيام، فرمى بنفسه على قبر رسول الله (ص) وحثا على رأسه من ترابه : فقال قلت يارسول الله فسمعنا قولك ووعيت عن الله فوعينا عنك وكان فيما أنزل الله عليك، و لوأنهم ................ الآية ز وقد ظلمت نفسى وجئتك تستغفر لى فنودى من القبر أنه غفر لك . (القرطبى)**

അലി(റ)യിൽ നിന്ന് അബൂ സ്വാലിഹ് നിവേദനം. അദ്ദേഹം പറഞ്ഞു: നബി(സ)യെ ഖബറടക്കി മൂന്നു ദിവസം കഴിഞ്ഞ് ഒരു അഅ്റാബി ഞങ്ങളുടെ അടുത്തു വന്നു. ശേഷം നബിയുടെ ഖബറിന്മേൽ (സ്വയം) വീണു. അതിന്മേലുള്ള മണ്ണിൽ നിന്നും അല്പം എടുത്ത് തലയിലിട്ടു. എന്നിട്ടു പറഞ്ഞു: അല്ലാഹുവിന്റെ പ്രവാചകരെ നിങ്ങളുടെ വാക്ക് ഞങ്ങൾ കേട്ടു. അല്ലാഹുവിന്റേതെന്ന നിലയിൽ നിങ്ങൾ ശ്രദ്ധിച്ചു. നിങ്ങളിൽ നിന്നും ഞങ്ങളും ശ്രദ്ധിച്ചു. അല്ലാഹു നിങ്ങളിൽ അവതരിപ്പിച്ചതിലുണ്ട്. വലൗ അന്നഹും ........എന്നു തുടങ്ങുന്ന സൂക്തം. ഞാൻ എന്റെ ശരീരത്തോട് അതിക്രമം ചെയ്തിരിക്കുന്നു. നിങ്ങൾ എനിക്കുവേണ്ടി പാപമോചനം തേടുമെന്ന നിലയിൽ ഞാൻ നിങ്ങളെ സമീപിച്ചിരിക്കയാണ്. ഉടനെ 'നിനക്ക് പൊറുക്കപ്പെട്ടിരിക്കുന്നു' എന്ന് ഖബറിൽനിന്നു വിളിച്ചറിയിക്കപ്പെട്ടു (ഖുർത്വുബി).

**ബദവിയുടെ കഥ -2**

**عن العتبى قال : كنت جالسا عند قبر النبي (ص) فجاء أعرابي فقال : السلام عليك يارسول الله سمعت الله يقول : ولو انهم... رحيما. وقد جئتك مستغفرا لذنبى مستشفعا بك إلى..... ربى. ثم أنشأ يقول : ياخير... والكرم. ثم انصرف الأعرابى فغلبتنى عينى فرأيت النبى (ص) فى النوم فقال : يا عتبى الحق الأعرابي فبشره أن الله قد غفر له . (ابن كثير ١-٥٢١)**

അതബിയിൽ നിന്നും നിവേദനം. അദ്ദേഹം പറഞ്ഞു: ഞാൻ പ്രവാചകൻ (സ) യുടെ ഖബറിനരികെ ഇരിക്കുകയായിരുന്നു. അപ്പോൾ ഒരു ബദവി വന്നു ഇപ്രകാരം പറഞ്ഞു: അല്ലാഹുവിന്റെ പ്രവാചകരേ രക്ഷ നിങ്ങളിൽ ഉണ്ടാവട്ടെ, അല്ലാഹു പറയുന്നത് ഞാൻ കേട്ടു വലൗ അന്നഹും .................... റഹീമാ. നിശ്ചയം ഞാൻ നിങ്ങളെ സമീപിച്ചിരിക്കുന്നത് എന്റെ പാപത്തിൽ നിന്നും മോചനം തേടിക്കൊണ്ടും , എന്റെ രക്ഷിതാവിലേക്ക് നിങ്ങളെ ശുപാർശകനാക്കിക്കൊണ്ടുമാണ്. ശേഷം യാഖൈറ........... എന്നു തുടങ്ങുന്ന ഒരു കവിത ചൊല്ലി ബദവി മടങ്ങിപ്പോയി . അപ്പോൾ എനിക്കു ഉറക്കം വന്നു. ആ ഉറക്കത്തിൽ ഞാൻ നബി(സ) യെ കണ്ടു. അവിടന്ന് പറഞ്ഞു: ഓ അതബീ നീ ബദവിയെ സമീപിക്കുക അല്ലാഹു അദ്ദേഹത്തിനു പൊറുത്ത് കൊടുത്തിട്ടുണ്ടെന്ന സന്തോഷവാർത്ത അറിയിക്കുക (ഇബ്നു കസീർ 1- 521).

ഇനി നമുക്ക് വിശദീകരണത്തിലേക്ക് പ്രവേശിക്കാം മരിച്ചുപോയ മഹാന്മാരോട് സഹായാർത്ഥന നടത്താം എന്നതിനു രേഖയായി ഉദ്ധരിക്കപ്പെടാറുള്ള രണ്ടു സംഭവങ്ങളാണിത്. എന്നാൽ വസ്തുതയെന്തെന്ന് നമുക്ക് പരിശോധിക്കാം.

ഈ രണ്ടു സംഭവങ്ങളുടെ ഉള്ളടക്കങ്ങളിലേക്ക് പ്രവേശിക്കുന്നതിനു മുമ്പ് നാം ചില വസ്തുതകൾ മനസ്സിലാക്കേണ്ടതുണ്ട്.

1. ഈ സംഭവങ്ങൾ ഉദ്ധരിക്കപ്പെട്ട പരമ്പരകൾ ആക്ഷേപ വിധേയവും, ന്യൂനതകൾ നിറഞ്ഞവയുമാണ്.

2. ഈ സംഭവങ്ങൾ കഥകളാണ്. കഥകൾ എന്ന നിലക്ക് പ്രസിദ്ധവുമാണ്.

3. ഈ കഥകളുടെ ഉള്ളടക്കം തവസ്സുലാണ്, ഇസ്തിഗാസയല്ല.

4. ഈ കഥകളിലെ പ്രധാന കഥാപാത്രങ്ങൾ രണ്ട് അഅ്റാബികളാണ്.

5. നബി (സ) യുടെ സമ്പൂർണ്ണ ശിക്ഷണത്തിൽ വളർന്ന സുപ്രധാന സ്വഹാബാക്കളിൽപ്പെട്ട ഒരാളും ഇത്തരം ഒരു തവസ്സുൽ ചെയ്തിട്ടില്ല. സൂറ അന്നിസാഇലെ 64-ാം വചനത്തിന്റെ അടിസ്ഥാനത്തിൽ നബി(സ)യുടെ ഖബറിനരികിൽ ചെന്ന് അവിടത്തോട് പാപങ്ങൾ പൊറുത്തുതരാൻ അല്ലാഹുവിനോട് ശഫാഅത്ത് ചെയ്യണമെന്ന് ആവശ്യപ്പെട്ട രണ്ട് അഅ്റാബികളുടെകഥകളാണ് മുകളിൽ ഉദ്ധരിച്ചത്.

അഅ്റാബി എന്ന അറബിപദം സൂചിപ്പിക്കുന്നത് നാടോടിയായ അല്ലെങ്കിൽ അപരിഷ്കൃതനായ അറബിയെയാണ്. മതവിഷയങ്ങളിൽ വേണ്ടത്ര അവഗാഹമോ, പാണ്ഡിത്യമോ നേടാൻ അവസരം കുറഞ്ഞവരാണ് അവരിലധികവും. അതുകൊണ്ടുതന്നെ പ്രവാചകവചനങ്ങൾ ഉദ്ധരിക്കുന്നവരിൽ അത്തരക്കാരെ അധികമൊന്നും നാം കാണുകയില്ല.ആകയാൽ ഒരു അഅ്റാബി തന്റെ പരിമിതമായ അറിവുവെച്ചുകൊണ്ട് ചെയ്ത ഒരു കാര്യത്തെ മറ്റുള്ളവർക്ക് മാതൃകയായി അവതരിപ്പിക്കുന്നത് എത്രമാത്രം നിരർത്ഥകമായിരിക്കും? യാഥാർത്ഥ്യം ഇതാണെന്നതിനാലാണ് ഇത്തരം സംഭവങ്ങളെ അടിസ്ഥാനപ്പെടുത്തി പാപമോചനം എളുപ്പത്തിൽ സാധ്യമാക്കാൻ പ്രവാചകന്റെ ഖബറിടത്തിൽ ചെന്ന് ശുപാർശ തേടണമെന്ന് ഉത്തമ നൂറ്റാണ്ടുകളിൽ ജീവിച്ച ഒരു പണ്ഡിതനും പറയാതിരുന്നതും തൗബയുടെ റുക്നുകളിൽ അതുൾപ്പെടുത്താതിരുന്നതും.

പാപമോചനം നേടാനുള്ള എളുപ്പവഴിയായിരുന്നു നബിയോട് ഈ വിധം തവസ്സുൽ ചെയ്യലെങ്കിൽ തൗബയുടെ നിബന്ധനകൾ വിവരിക്കുന്ന വേളയിൽ പണ്ഡിതന്മാർ ഈ കാര്യവും കൂടെ പറയുമായിരുന്നു. പക്ഷെ അവർ അപ്രകാരം പറഞ്ഞിട്ടില്ല. സൂറ അന്നിസാഇലെ 64-ാം വചനത്തിന്റെ അർത്ഥം അവർക്കറിയാതെ പോയതിനാലാണ് ഈ വിധം സംഭവിച്ചതെന്ന് പറയാനൊക്കുമോ?

നബി(സ)യുടെ വഫാതിനുശേഷം അവിടത്തെ ഖബറിടത്തിൽചെന്ന് പാപമോചനം തേടുന്നതിനുവേണ്ടി ശുപാർശ തേടിയ രണ്ടു അഅ്റാബികൾക്കും അതിന്റെ ഫലം നേരിട്ടു ബോധ്യപ്പെട്ടു എന്നാണല്ലോ കഥകളിലുള്ളത്. എന്നിട്ടും പാപമോചനം ലഭ്യമാക്കുന്നതിനുവേണ്ടി ഈരീതി സർവ്വ വ്യാപകമായി സ്വീകരിക്കപ്പെടാതിരുന്നത് എന്തുകൊണ്ട്? ഫലം നേരിട്ട് ബോധ്യപ്പെടുന്ന ഒരുരീതിയെ അവഗണിച്ച് മറ്റൊരു രീതി അവർ സ്വീകരിക്കുകയായിരുന്നുവോ ? ആയിരുന്നുവെങ്കിൽ പ്രവാചന്റെ ഖബറും , നിരവധി ദോഷികളായ വിശ്വാസികളും ഇന്നു നമ്മുടെ മുമ്പിലുണ്ടല്ലേ, അഅ്റാബികളുടെ മാർഗ്ഗം സ്വീകരിച്ചുകൊണ്ട് തികച്ചും ആധുനികമായ അനുഭവങ്ങൾ കൂടുതൽ സാക്ഷികൾ മുഖേന നമുക്ക് സ്ഥാപിക്കാമല്ലോ. പക്ഷെ ശ്രമം നടക്കായ്കയല്ല. ഫലം ലഭിക്കായ്കയാണ്. ആകയാൽ അനിഷേധ്യമായ തെളിവുകളിലൂടെ സ്ഥിരപ്പെട്ട യാഥാർത്ഥ്യങ്ങളെ ബലഹീനമായ തെളിവുകളുടെ പിൻബലത്തിൽ മാറ്റി നിർത്തി പരലോകമോക്ഷം നഷ്ടപ്പെടുത്താതിരിക്കലാണ് സൂക്ഷ്മതയുള്ള ഒരുവിശ്വാസിക്ക് കരണീയമായിട്ടുള്ളത്. നബി (സ) പറഞ്ഞു : دع ما يريبك إلى ما لا يريبك (ترمذى) (നിനക്കു സംശയം ജനിപ്പിക്കുന്നതിനെ നീ ഉപേക്ഷിക്കുക. സംശയമില്ലാത്തതെടുക്കുക).

**ഒരുസംശയം**

ഈകഥകൾ, നബി(സ) വഫാതായ ശേഷം പാപമോചനതേട്ടം നടത്തുന്ന സമയത്ത് അവിടത്തെ ശുപാർശകനാക്കാൻ പറ്റുമെന്നതിനുള്ള തെളിവാക്കാൻ പറ്റുന്നതായിരുന്നില്ലെങ്കിൽ ഖുർആൻ വ്യാഖ്യാതാക്കൾ അവ ഉദ്ധരിക്കുമായിരുന്നോ?

ഈ കഥകൾ ഉദ്ധരിച്ച ഇബ്നു കസീർ (റ), ഖുർത്വുബി (റ) തുടങ്ങിയവർ ഈസംഭവങ്ങൾ ഉദ്ധരിച്ചു എന്നല്ലാതെ അവയുടെ അടിസ്ഥാനത്തിൽ നബി (സ) യുടെ വഫാതിനു ശേഷം പാപമോചനം സാധ്യമാക്കുന്നതിനുവേണ്ടി ശുപാർശകനാക്കാം എന്ന് പറഞ്ഞിട്ടില്ല. മറിച്ച് ഈ സൂക്തത്തിന്റെ അടിസ്ഥാനത്തിൽ രണ്ട് അഅ്റാബികൾ അങ്ങിനെ ചെയ്തിട്ടുണ്ടെന്ന് പറയപ്പെട്ടിരിക്കുന്നു എന്ന് സൂചിപ്പിക്കുക മാത്രമാണ് ചെയ്തത്.

അഅ്റാബികൾ അവരുടെ അറിവ് വെച്ച് പ്രസ്തുത സൂക്തത്തെ മനസ്സിലാക്കുകയും തദടിസ്ഥാനത്തിൽ പ്രവർത്തിക്കുകയും ചെയ്തതിനെ എടുത്തുദ്ധരിച്ചതിൽ എന്ത് കൗതുകമാണുള്ളത്?

മുഫസ്സിറുകൾ അവർക്ക് വ്യക്തിപരമായി അഭിപ്രായമില്ലാത്ത പല കാര്യങ്ങളും മറ്റുള്ളവരുടെ കാഴ്ചപ്പാടുകൾ മാനിക്കുക എന്ന നിലക്ക് ഉദ്ധരിക്കാറില്ലേ?

ഈ കഥകളുടെ ഉള്ളടക്കം തവസ്സുലാണെന്ന് നാം നേരത്തെ വ്യക്തമാക്കിയല്ലോ,അഥവാ ഈ കഥകളിൽ ഒരു ശുപാർശകനാകുക എന്ന ജോലി മാത്രമെ പ്രവാചകനുള്ളൂ. അത്കൊണ്ട് തന്നെ ഈ വിധമുള്ളതവസ്സുൽ സാർത്ഥകമായില്ലെങ്കിൽ ഒരു ഫശൂന്യമായ പ്രവർത്തിയാകുമെന്നല്ലാതെ പാപമാകുന്നില്ല. എന്തുകൊണ്ടെന്നാൽ ശുപാർശകനാകുക എന്നത് സൃഷ്ടിയുടെവിശേഷണമാണ്. സ്രഷ്ടാവിന്റെ വിശേഷണമല്ല.

7. قال رسول الله : انا سيد ولد آدم يوم القيامة (مسلم) **(അല്ലാഹുവിന്റെ പ്രവാചകൻ പറഞ്ഞു: ഞാൻ അന്ത്യദിനത്തിൽ ആദം സന്തതികളുടെ നേതാവാണ്)**.

ഇസ്തിഗാസക്ക് തെളിവായി ഉദ്ധരിക്കാറുള്ള ഒരു ഹദീസാണിത്. ഈഹദീസിലെ സയ്യിദ് എന്ന പദത്തിന് 'ശർഹു മുസ്‌ലിമി'ൽ കൊടുത്ത അർത്ഥമാണ് ഈ വിധം തെളിവ് പിടിക്കാൻ നിമിത്തമായത്. അതിപ്രകാരമാണ്.

هو الذى يفزع إليه فى النوائب والشدائد فيقوم بأمرهم ويتحمل عنهم مكارههم ويدفعها عنهم

'സയ്യിദ്' എന്നാൽ വിപത്തുകളും, പ്രയാസങ്ങളും പ്രകടമാകുന്ന സമയത്ത് അവയിൽ നിന്നു രക്ഷതേടി സമീപിക്കപ്പെടുന്നവൻ എന്നാണ്. അങ്ങിനെ സമീപിക്കുമ്പോൾ അദ്ദേഹം അവരുടെ കാര്യം നിർവ്വഹിച്ചുകൊടുക്കുകയും, അവരുടെ പ്രയാസങ്ങൾ ചുമക്കുകയും, അവരിൽനിന്ന് അവരെ പ്രതിരോധിക്കുകയുംചെയ്യും. തുടർന്നു പറയുന്നു: مع أنه سيدهم فى الدنيا والآخرة (നിശ്ചയം അദ്ദേഹം ഇഹത്തിലും പരത്തിലും അവരുടെ നേതാവാകലോടുകൂടെ).

ഇവിടെ ഇഹലോകത്തെ സയ്യിദ് എന്നു പറഞ്ഞതിന്റെ വിവക്ഷ പ്രവാചകൻ വഫാതായ ശേഷവും അദ്ദേഹത്തോട് ഇസ്തിഗാസ നടത്താം എന്നാണെന്ന് ഈ നബിവചനം ഇസ്തിഗാസക്ക് തെളിവാണെന്ന് പറയുന്നവർ വാദിക്കുന്നു.എന്നാൽ യാഥാർത്ഥ്യമെന്താണെന്ന് നമുക്ക് പരിശോധിക്കാം.

ഹദീസിൽ നബി(സ) പറഞ്ഞത് ഞാൻ അന്ത്യദിന

**നബി(സ)യുടെ വഫാതിനുശേഷം അവിടത്തെ ഖബറിടത്തിൽചെന്ന് പാപമോചനം തേടുന്നതിനുവേണ്ടി ശിപാർശ തേടിയ രണ്ടു അഅ്റാബികൾക്കും അതിന്റെ ഫലം നേരിട്ടു ബോധ്യപ്പെട്ടു എന്നാണല്ലോ കഥകളിലുള്ളത്. എന്നിട്ടും പാപമോചനം ലഭ്യമാക്കുന്നതിനുവേണ്ടി ഈ രീതി സർവ്വവ്യാപകമായി സ്വീകരിക്കപ്പെടാതിരുന്നത് എന്തുകൊണ്ട്?**

ത്തിൽ ആദം സന്തതികളുടെ നേതാവാണെന്നാണ്. ശർഹു മുസ്‌ലിമിൽ ഇമാം നവവി (റ) പറഞ്ഞതാണ് ഇഹലോകത്തും നബി (സ) ആദം സന്തതികളുടെ നേതാവാണെന്ന്. ഈ രണ്ട് പരാമർശങ്ങളിലും മുസ്‌ലിം ഉമ്മത്തിനിടയിൽ തർക്കവിഷയമായി നിലനിൽക്കുന്ന ഇസ്തിഗാസക്ക് അനുകൂലമായി ഒന്നുമില്ല.

നബി(സ) ഇവിടെ ജീവിച്ചിരുന്നപ്പോൾ അദ്ദേഹം സയ്യിദായിരുന്നു. അന്ത്യദിനത്തിൽ പുനർജന്മം നൽകപ്പെടുമ്പോഴും ആ സ്ഥാനം നബിക്ക് തന്നെയായിരിക്കും. ഈ വസ്തുതയാണ് നബി(സ)യുടെ വാക്കും, ഇമാം നവവിയുടെ വിശദീകരണവും കൂടിച്ചേർന്നാൽ ബോധ്യമാകുക. ഭൗതികലോകത്തിന്റെയും അന്ത്യദിനത്തിന്റെയും ഇടയിൽ സുദീർഘമായ ഒരുകാലം മനുഷ്യർ ബർസഖ് എന്നറിയപ്പെടുന്ന ലോകത്താണ്. ഇപ്പോൾ നബി (സ) ആ ലോകത്താണുള്ളത്. നബി (സ) ആ ലോകത്തായിരിക്കെ ഭൂമിയിൽ ജീവിച്ചിരിക്കുന്നവർക്ക്, മേൽ അർത്ഥത്തിലുള്ള സയ്യിദാണെന്നതിന് എന്ത് തെളിവാണുള്ളത്? അങ്ങിനെ ഒരു തെളിവ് നമ്മുടെ കൈവശം ഉണ്ടെങ്കിലേ അത് ഇസ്തിഗാസയെ ന്യായീകരിക്കുകയുള്ളൂ. നബി(സ) ഇഹലോകത്തും, പരലോകത്തും ആദം സന്തതികളുടെ സയ്യിദാണെന്നിരിക്കെ ഹദീസിൽ അന്ത്യദിനത്തിൽ സയ്യിദാണ് എന്നുപറഞ്ഞതിനാൽ ഇഹലോകത്തെ സിയാദത്ത് നിഷേധിക്കപ്പെടുന്നില്ല എന്നു സ്ഥാപിക്കുകയാണ് ഇമാം നവവി തന്റെ വിശദീകരണത്തിലൂടെ ചെയ്തത്. കൂടാതെ നബി(സ) ബർസഖീ ലോകമുൾപ്പെടെ എല്ലായിടത്തും ആദം സന്തതികളുടെ, മേൽ അർത്ഥത്തിലുള്ള സയ്യിദാണെന്ന് വ്യക്തമാക്കുകയല്ല. ആവിധം വ്യക്തമാക്കലായിരുന്നു ഉദ്ദേശ്യമെങ്കിൽ مع أنه سيدهم فى الدنيا والآخرة എന്നായിരുന്നില്ല പറയുക മറിച്ച് مع أنه سيدهم قبله എന്നായിരുന്നു. കാരണം നബി(സ)യുടെ സിയാദത്ത് ആദം സന്തതികളിൽനിന്ന് മുറിയുന്നില്ല എന്ന് സ്ഥാപിക്കുവാൻ ഏറ്റവും അനുയോജ്യമായത് ഈവാചകമാണ്. മേൽ വാചകത്തിൽ عالم البرزخ (ബർസഖിയായ ലോകം) പരാമർശിക്കപ്പെടുന്നില്ല.

സുപ്രധാനമായ മറ്റൊരു സംഗതി, സയ്യിദ് എന്നതിന്ന് ഇമാം നവവി (റ) തന്റേതായ ഒരു അർത്ഥം നൽകിയിട്ടില്ല. പണ്ഡിതന്മാർക്കിടയിൽ ഈ പദത്തിന്റെ അർത്ഥത്തിൽ നിലനിൽക്കുന്ന ഭിന്നാഭിപ്രായങ്ങൾ സൂചിപ്പിക്കുക മാത്രമാണ് ചെയ്തത്.

ഒന്നാമത്തെ അർത്ഥം നന്മയിൽ മികച്ചുനിൽക്കുന്നവൻ, രണ്ടാമത്തെ അർത്ഥം പ്രയാസങ്ങൾ നേരിടുമ്പോൾ അവയുടെ പരിഹാരം തേടിസമീപിക്കപ്പെടുന്നവൻ. ഒന്നാമത്തെഅർത്ഥപ്രകാരം നബി(സ) എന്നും ആദം സന്തതികളുടെസയ്യിദാണ്. രണ്ടാമത്തെ അർത്ഥപ്രകാരം ഈ ലോകത്ത് ജീവിച്ചിരുന്നപ്പോഴും, പരലോകത്ത് പുനർജന്മം നൽകപ്പെട്ടശേഷവും നബി(സ) ആദം സന്തതികളുടെ സയ്യിദാണ്. ആ രണ്ട് ലോകത്തിനും ഇടക്കുള്ള ലോകമായബർസഖിൽ സയ്യിദല്ല. അത് കൊണ്ടാണ് നബി(സ)യുടെ വഫാത്തിനുശേഷം അബൂബക്കർ(റ)വും, അദ്ദേഹം വഫാത്തായശേഷം ഉമർ(റ)വും, അദ്ദേഹം വഫാതായ ശേഷം ഉസ്മാൻ(റ)വും അദ്ദേഹം വഫാതായ ശേഷം അലി (റ)വും മുസ്‌ലിം ഉമ്മത്തിന്റെ സയ്യിദന്മാരായത്. ഈ വിധത്തിൽ ഇന്നും മുസ്‌ലിം ഉമ്മത്തിൽ സയ്യിദന്മാർ നിലനിൽക്കുന്നു അഥവാ ഈ ഹദീസ് ഉദ്ധരിച്ച ഒരാളും തന്നെ ഇത് ബർസഖീ ലോകത്ത് നിലകൊള്ളുന്ന നബി(സ) യോട് ഇസ്തിഗാസ ചെയ്യാം എന്നതിന്ന് തെളിവാണെന്ന് പറയുകയോ തദടിസ്ഥാനത്തിൽ പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല.

**ബർസഖീലോകം പണ്ഡിതന്മാരുടെ വീക്ഷണത്തിൽ**

وقال مجاهد : البرزخ الحاجز ما بين الدنيا والآخرة (ഇമാം മുജാഹിദ് (റ) പറഞ്ഞു: ബർസഖ് എന്നാൽ ഈ ലോകത്തിന്റെയും പരലോകത്തിന്റെയും ഇടക്കുള്ള അങ്ങോട്ടോ ഇങ്ങോട്ടോ നീങ്ങാൻ പറ്റാത്ത ഒരു ലോകമാണ്).

قال محمد بن كعب : البرزخ ما بين الدنيا والآخرة (മുഹമ്മദുബ്നു കഅ്ബ്(റ) പറഞ്ഞു: ബർസഖ് എന്നാൽ ഇഹലോകത്തിന്റെയും പരലോകത്തിന്റെയും ഇടക്കുള്ളലോകമാണ്).

وقال أبو الصخر : البرزخ المقابر لاهم فى الدنيا ولا هم فى الآخرة (അബുസ്സഖ്ർ (റ) പറഞ്ഞു: ബർസഖ് എന്നാൽ ഖബ്റുകളാണ്. അവർ ഇഹലോകത്തോ പരലോകത്തോ അല്ല).

അപ്പോൾ ബർസഖ് എന്നത് ഇഹലോകത്തിന്റെയും പരലോകത്തിന്റെയും ഇടക്കുള്ള മറ്റൊരു ലോകമാണെന്ന് വ്യക്തമായി . ബർസഖീ ലോകത്ത് നബി (സ) രണ്ടാമത്തെ അർത്ഥത്തിലുള്ള സയ്യിദാണെന്നതിന് സ്വീകാര്യയോഗ്യമായ ഒരു തെളിവും നമുക്ക് കാണാൻ സാധ്യമല്ല. ശ്രദ്ധേയമായ മറ്റൊരു കാര്യം, ഈ ഹദീസ് ഇമാം മുസ്‌ലിം ഉദ്ധരിക്കുന്നത് നബി (സ) എല്ലാ സൃഷ്ടികളേക്കാളും ശ്രേഷ്ഠതയുള്ളവരാണെന്ന് തെളിയിക്കാനാണ്. ഈ ഹദീസ് ഉദ്ധരിച്ച തലക്കെട്ട് പരിശോധിച്ചാൽ അത് വ്യക്തമാകും. അതിപ്രകാരമാണ് باب تفضيل نبينا (ص) على جميع الخلائق (എല്ലാ സൃഷ്ടികളേക്കാളും നമ്മുടെ നബി (സ)ക്ക് ശ്രേഷ്ഠത നൽകുന്ന ഭാഗം).

ഈ വസ്തുത ഇമാം നവവി തന്നെ വ്യക്തമാക്കുന്നത് കാണുക. وهذا الحديث دليل لتفضيله (ص) على الخلق كلهم.

ഈ ഹദീസ് സർവ്വ സൃഷ്ടികളേക്കാളും ശ്രേഷ്ഠതയുള്ളവരാണ് നബി(സ) എന്നതിനു തെളിവാണ്.

**ആരാണ് സയ്യിദ്?**

'സയ്യിദ്' എന്ന പദം ഒരു വിശേഷണമാണ്. അതിന്റെ ശരിയായ അർഥത്തിൽ അത് അല്ലാഹുവിനു മാത്രം അവകാശപ്പെട്ടതാണ്. നബി (സ)ക്കോ,മറ്റുള്ളവർക്കോ ആ വിശേഷണം നൽകപ്പെട്ടാൽ അതിന്റെ സാങ്കേതികാർത്ഥം മാത്രമാണ് ഉദ്ദേശിക്കപ്പെടുന്നത്. അത് പക്ഷെ ബർസഖീലോകത്ത് പ്രായോഗികമല്ലതാനും, അതുകൊണ്ടാണ് നബി(സ)യുടെ വഫാത്തിനെത്തുടർന്ന് ജനങ്ങൾ അസ്വസ്ഥരായപ്പോൾ അബൂബക്കർ (റ) ഇപ്രകാരം പറഞ്ഞത്, ومن كان يعبد محمدا قد مات (ആരെങ്കിലും മുഹമ്മദിനെ ആരാധിച്ചിരുന്നുവെങ്കിൽ അദ്ദേഹം മരിച്ചിരിക്കുന്നു).

ഇനി ചിന്തിക്കുക أنا سيد ولد آدم എന്ന ഹദീസ് സ്വിദ്ദീഖ് (റ) കണ്ടിരുന്നില്ലേ? മരണ ശേഷവും രക്ഷതേടി സമീപിക്കപ്പെടാവുന്ന ഒരു അവസ്ഥ നബി(സ)ക്ക് ഉണ്ട് എന്നാണ് ഈ ഹദീസ് സൂചിപ്പിക്കുന്നതെങ്കിൽ സിദ്ദീഖ് (റ)ന് ജനങ്ങളെ സമാധാനിപ്പിക്കാൻ പറ്റിയ ഏറ്റവും നല്ല ഹദീസാകുമായിരുന്നില്ലേ ഇത്? പ്രതിസന്ധികളിൽ നിങ്ങളെ സഹായിക്കാൻ കഴിയുന്ന അവസ്ഥയിലാണ് പ്രവാചകൻ. അദ്ദേഹത്തിന്റെ ജീവിതവും മരണവും തമ്മിൽ വ്യത്യാസമില്ല. നിങ്ങളുടെ പ്രശ്നങ്ങൾ അദ്ദേഹത്തെ ധരിപ്പിച്ചാൽ അദ്ദേഹം അത് പരിഹരിച്ച് തരും . അതാണ് സയ്യിദ് എന്ന പദത്തിന്റെ അർത്ഥം എന്നിങ്ങനെയായിരുന്നില്ലേ അദ്ദേഹം അവരോട് പറയുക? പക്ഷെ അങ്ങനെ അദ്ദേഹം പറഞ്ഞില്ല. മറിച്ച് കടുത്തഭാഷയിൽ പ്രവാചകന്റെ മരണത്തെ സ്വാഭാവികവൽക്കരിക്കുകയും ഏകനായ അല്ലാഹുവിലേക്ക് അവരെ തിരിച്ചുവിടുകയുമാണ് അദ്ദേഹം ചെയ്തത്. അദ്ദേഹം പറഞ്ഞു: فمن كان يعبد الله فإن الله حي لا يموت (ആരെങ്കിലും അല്ലാഹുവിനു ആരാധന ചെയ്യുന്നുണ്ടെങ്കിൽ നിശ്ചയം അല്ലാഹു ജീവിച്ചിരിക്കുന്നവനാണ്. മരിക്കുകയില്ല).

സയ്യിദ് എന്ന വിശേഷണം നബി(സ)ക്ക് മാത്രം ഉള്ളതാണോ? വിശുദ്ധഖുർആൻ പറയുന്നത് കാണുക:

أن الله يبشرك بيحيى مصدقا بكلمة من الله وسيدا وحصورا ونبيا من الصالحين (آل عمران -٣٩)

നിശ്ചയം അല്ലാഹു നിനക്ക് യഹ്‌യായെകൊണ്ട് സന്തോഷവാർത്ത അറിയിക്കുന്നു. അദ്ദേഹം അല്ലാഹുവിൽ നിന്നുള്ള വാക്യത്തെ സത്യമായി അംഗീകരിക്കുന്നവനും, നേതാവും തെറ്റുകളിൽ നിന്നു സുരക്ഷിതമാക്കപ്പെട്ടവനും സ്വാലിഹീങ്ങളിൽപ്പെട്ട പ്രവാചകനുമാണ്.

സകരിയ്യാ അലൈഹിസ്സലാമിന് വാർദ്ധക്യവേളയിൽ യഹ്‌യാ എന്ന പേരിൽ നൽകപ്പെടാൻ പോകുന്ന ഒരു സന്താനത്തെ കുറിച്ചാണ് ഈ വാക്യത്തിൽ പ്രതിപാദിക്കുന്നത്. ഈ സൂക്തത്തിൽ യഹ്‌യാ (അ)ന് നൽകപ്പെട്ട ഒരു വിശേഷണം സയ്യിദ് എന്നാണ്. ഇതിന്റെ അർത്ഥം പണ്ഡിതന്മാർ വിശദീകരിക്കുന്നത് കാണുക: قال القاضى السيد هو المتقدم المرجوع إليه (ഖാദി പറഞ്ഞു : സയ്യിദ് എന്നാൽ (നന്മയിൽ ) മുന്നിട്ടുനിൽക്കുന്നവനും പ്രശ്നങ്ങൾ നേരിടുമ്പോൾ സമീപിക്കപ്പെടുന്നവനുമാണ്).

السيد : الذى يسود قومه وينتهى إلى قوله(القرطبى) (ഇമാം ഖുർത്വുബി പറയുന്നു: സയ്യിദ് എന്നാൽ തന്റെ ജനതയെ നയിക്കുന്നവനും, വാക്ക് സ്വീകരിക്കപ്പെടുന്നവനുമാണ്).

ففيه دلالة على جواز تسمية الإنسان سيدا كما يجوز أن يسمى عزيزا أو كريما

ഈ വാക്യത്തിൽ മനുഷ്യന് കരീം, അസീസ്, എന്നിങ്ങനെ പേരുവെക്കപ്പെടുന്നപോലെ സയ്യിദ് എന്ന പേര് നൽകപ്പെടാവുന്നതാണ് എന്നതിന് രേഖയുണ്ട്.

ഇനി നബി(സ) പറയുന്നത് കാണുക أنه (ص) قال لبنى قريظة : قوموا إلى سيدكم(أحمد) (ബനൂ ഖുറൈളഃയോട് നബി(സ) പറഞ്ഞു: നിങ്ങൾ നിങ്ങളുടെ സയ്യിദിനെ സമീപിക്കുക).

قال(ص) فى الحسن : إن ابنى هذا سيد ولعل الله يصلح به بين فئتين عظيمتين من المسلمين (بخارى )

(നബി (സ) ഹസൻ (റ) വിനെകുറിച്ച് പറഞ്ഞു: നിശ്ചയം എന്റെ ഈ കുട്ടി സയ്യിദാണ്. അവനെക്കൊണ്ട് അല്ലാഹു മുസ്‌ലിംകൾക്കിടയിൽ രൂപപ്പെടുന്ന രണ്ടു പ്രബല വിഭാഗങ്ങൾക്കിടയിൽ നന്മചെയ്തേക്കാം -ബുഖാരി).

ഇനി ചിന്തിക്കുക: ഇവിടെ ഉദ്ധരിക്കപ്പെട്ട സൂക്തം, ഹദീസ്, പണ്ഡിതവചനങ്ങൾ എന്നിവ എന്താണ് സൂചിപ്പിക്കുന്നത്? സയ്യിദ് എന്ന പദം ഏതൊരു മനുഷ്യനും വിശേഷണമായി നൽകപ്പെടാവുന്നതാണ്. അത് ആർക്ക് നൽകപ്പെട്ടാലും ആ വ്യക്തിയെക്കൊണ്ട് ഇസ്തിഗാസ ചെയ്യൽ അനുവദനീയമാണെന്ന് വാദിക്കുന്നത് നിരർത്ഥകമാണ്.

**يأيها الذين آمنوا لا تقولوا راعنا وقولوا انظرنا ( البقرة- ١٠٤ ) 8**

ഈ സൂക്തം ഇസ്തിഗാസക്ക് തെളിവായി പറയപ്പെടാറുണ്ട് . ഇതിലെ انظرنا എന്ന പദത്തിന്റെ അർത്ഥം ഞങ്ങളെ ശ്രദ്ധിച്ചാലും എന്നാണ്. നബി(സ) യോട് ഈ വിധം പറയാൻ അല്ലാഹു കൽപ്പിച്ചത് സത്യവിശ്വാസികളോടാണ്. നബിയുടെ വഫാത്കൊണ്ട് സത്യവിശ്വാസികൾ ഇല്ലാതാകുന്നില്ല.

ഈവാദം അർത്ഥശൂന്യവും സത്യവിരുദ്ധവുമാണ്. എന്തുകൊണ്ട്?

ഇവിടെ ഒരേ അർത്ഥമുള്ള രണ്ട് പദങ്ങളിൽ ഒന്ന് പറയാമെന്നും മറ്റേത് പറയരുതെന്നും നിർദ്ദേശിക്കപ്പെട്ടതിന്റെ കാരണത്തെകുറിച്ച് ഇബ്നു അബ്ബാസ്(റ) പറയുന്നത് കാണുക.

قال ابن عباس (ر) كان المسلمون يقولون للنبي : راعنا على جهة الطلب والرغبة - من المراعاة) أى التفت إلينا ، وكان هذا بلسان اليهود سبا، أى إسمع لا سمعت ، فاغتنموها وقالوا : كنا نسبهم سرا فالآن نسبه جهرا ، فكانوا يخاطبون بها النبي ويضحكون فيما بينهم (القرطبى ٢-٥٦)

ഇബ്നു അബ്ബാസ്(റ) പറഞ്ഞു : മുസ്‌ലിംകൾ നബി(സ)യോട് ഞങ്ങളെ ശ്രദ്ധിച്ചാലും എന്നു പറയുമായിരുന്നു. തേട്ടത്തോടെയും ആഗ്രഹത്തോടെയുമായിരുന്നു ഇത്.

എന്നാൽ യഹൂദികളുടെ ഭാഷയിൽ ഈ പദത്തിന്റെ അർത്ഥം നീ കേൾക്കുക, നീ കേട്ടിട്ടില്ല എന്നായിരുന്നു. ഈ അവസരം അവർ ഉപയോഗപ്പെടുത്തി. എന്നിട്ടവർ പറഞ്ഞു : ഞങ്ങൾ അദ്ദേഹത്തെ (നബിയെ) രഹസ്യമായി ചീത്ത പറയാറുണ്ടായിരുന്നു. ഇപ്പോൾ അദ്ദേഹത്തെ പരസ്യമായിത്തന്നെ ചീത്തപറയുന്നു. അപ്പോൾ അവർ ആ പദമുപയോഗിച്ച് നബിയോട് അഭിമുഖം നടത്തുകയും അവർ പരസ്പരം (നബിയെ) പരിഹസിച്ച് ചിരിക്കുകയും ചെയ്യുമായിരുന്നു. (ഖുർത്വുബി 2-56)

وقولوا انظرنا أمروا أن يخاطبون (ص) بالإجلال . والمعنى أقبل علينا وانظرنا (القرطبى)

انظرنا എന്ന വാചകം നബി(സ) യെ ആദരവോടെ അഭിസംബോധന ചെയ്യാൻ അവർ (സ്വഹാബികൾ) കൽപ്പിക്കപ്പെട്ടിരുന്നു എന്നവസ്തുത വ്യക്തമാക്കുന്നു.

അതിന്റെ അർത്ഥം 'നബിയെ ഞങ്ങളിലേക്ക് മുന്നിടുക, ഞങ്ങളെ ശ്രദ്ധിക്കുക' എന്നാണ് (ഖുർത്വുബി).

(റ) (മുജാഹിദ്) وقال مجاهد: المعنى فهمنا وبين لنا (القرطبى ١-٤٥٠) പറഞ്ഞു: ഉദ്ദേശ്യം ഞങ്ങൾക്ക് മനസ്സിലാക്കിത്തരിക, ഞങ്ങൾക്ക് വ്യക്തമാക്കിത്തരിക, എന്നാണ്- ഖുർതുബി).

ഇമാം റാസി (റ) പറയുന്നു:

فأمرهم تعالى بأن يسألوه الإمهال لينقلوا عنه فلا يحتاجون إلى الإستعادة ( الرازى ٣-٢٢٤)

(അപ്പോൾ അവരോട് (സ്വഹാബികളോട്) ആവർത്തനം ആവശ്യമില്ലാത്തവിധം നബിയിൽ നിന്നുദ്ധരിക്കാൻ വേണ്ടി അദ്ദേഹത്തോട് (നബിയോട്) സാവകാശം ആവശ്യപ്പെടാൻ അല്ലാഹു കൽപ്പിച്ചു- റാസി 3-224) .

മേൽ വിവരണങ്ങളിൽ നിന്ന് വ്യക്തമാകുന്നത് ഇതാണ്: നബി(സ)യുടെകാലത്ത് സ്വഹാബികൾ അവിടത്തോട് راعنا എന്ന് പറയാറുണ്ടായിരുന്നു. പക്ഷെ യഹൂദികളുടെ ഭാഷയിൽ പരിഹാസാർത്ഥമുള്ളതിനാൽ ആ പദമുപയോഗിച്ച് അവർ നബി(സ)യെ പരിഹസിക്കാൻ തുടങ്ങി. അപ്പോൾ ആ പദപ്രയോഗം നിർത്താനും പകരം അതേ അർത്ഥമുള്ളതും പരിഹാസാർത്ഥമില്ലാത്തതുമായ انظرنا എന്ന പദം ഉപയോഗിക്കാനും അല്ലാഹു സ്വഹാബികളോട് കൽപ്പിച്ചു. ഇതു പക്ഷെ നബി(സ) ജീവിച്ചിരുന്ന കാലത്ത് അദ്ദേഹത്തോട് അഭിമുഖമായിസംസാരിക്കുമ്പോൾ മാത്രം ബാധകമാകുന്ന കാര്യമാണ്.

എന്തുകൊണ്ടെന്നാൽ انظرناഎന്ന പദത്തിന്റെ അർത്ഥം ഞങ്ങൾക്ക് മനസ്സിലാക്കിത്തരിക, വ്യക്തമാക്കിത്തരിക, കേൾക്കുന്നത് മനസ്സിലാകത്തക്കവിധം സാവകാശം ചെയ്യുക എന്നിങ്ങനെയാണ്. ഇത് നബി(സ)യുടെ വഫാത്തിനുശേഷം സാധ്യമല്ലല്ലോ?

### മറ്റൊരു വസ്തുത

انظرنا എന്ന പദം പറഞ്ഞയുടനെ അല്ലാഹു പറഞ്ഞ വാക്ക് പരിശോധിച്ചാൽ തന്നെ അത് ഇസ്തിഗാസക്ക് തെളിവല്ലെന്നും അത് നബി(സ) ജീവിച്ചിരിക്കുമ്പോൾ അവിടത്തോട് സംസാരിക്കുന്നവർക്ക് മാത്രം ബാധകമായ നിർദ്ദേശമാണെന്നും വ്യക്തമാകും.

انظرنا (ഞങ്ങൾക്ക് മനസ്സിലാക്കിത്തരിക, വ്യക്തമാക്കിത്തരിക, കേൾക്കുന്നത് മനസ്സിലാകത്തക്കവിധം സാവകാശം ചെയ്യുക )എന്നുപറഞ്ഞ ശേഷം അല്ലാഹു പറയുന്നു (നിങ്ങൾ ശ്രദ്ധിച്ചുകേൾക്കുക) ഈ വാചകത്തെ ഇമാം റാസി(റ) വിശദീകരിക്കുന്നത് കാണുക,

أسماعكم لما يقول النبى (ص) حتى لا تحتاجوا إلى الإستعادة (الرازى)

നബി(സ)ആവർത്തിച്ചു പറയൽ നിങ്ങൾക്ക് ആവശ്യം വരാത്ത വിധം അദ്ദേഹം പറയുന്നതിലേക്ക് നിങ്ങളുടെ കേൾവികളെ നിങ്ങൾ ഒഴിച്ചു വെക്കുക. ഇനി ചിന്തിക്കുക ഈ സൂക്തത്തിൽ നബി(സ) വഫാതായ ശേഷം അവിടത്തോട് ഇസ്തിഗാസ നടത്താമെന്നതിന്ന് എന്ത് തെളിവാണ് നമുക്കുള്ളത്?

### ഒരു നിരർത്ഥക വാദം

يأيها الذين آمنو ا എന്നതിനു ശേഷമാണ് انظرنا എന്നു പറഞ്ഞിട്ടുള്ളത്. അതിനാൽ ശേഷം വരുന്ന എല്ലാ വിശ്വാസികൾക്കും ഇതുബാധകമാണ്. നിരർത്ഥകമാണ് ഈ വാദം . എന്ത് കൊണ്ടെന്നാൽ ഖുർആനിൽ എൺപത്തിയെട്ടോളം സ്ഥലങ്ങളിൽ يأيها الذين آمنوا എന്ന വാചകം വന്നിട്ടുണ്ട്. അവിടെയെല്ലാം സർവ്വ വിശ്വാസികളും ഉൾപ്പെടും എന്നുപറഞ്ഞാൽ അത് ഭീമാബദ്ധമായിരിക്കും. ഉദാഹരണത്തിനു സൂറഃ .അൽ -മാഇദയിലെ 101-ാം വചനമെടുക്കാം

يأيها الذين آمنوا لا تسألوا عن أشياء إن تبد لكم تسؤكم وإن تسألوا عنها حين ينزل القرآن تبدلكم عفا الله عنها

(ഓ സത്യവിശ്വാസികളെ, ചില കാര്യങ്ങളെ കുറിച്ച് നിങ്ങൾ ചോദിക്കരുത്. അവ നിങ്ങൾക്ക് വെളിവാക്കപ്പെട്ടാൽ നിങ്ങൾക്ക് ദോഷം ചെയ്യും. ഖുർആൻ അവതരിക്കുന്ന ഘട്ടത്തിൽ അവയെ കുറിച്ച് ചോദിച്ചാൽ അവ നിങ്ങൾക്ക് വ്യക്തമാക്കപ്പെടും . അവ അല്ലാഹു നിങ്ങൾക്ക് വിട്ടുതന്നിട്ടുണ്ട്).

ഈ സൂക്തത്തിന്റെ പരിധിയിൽ എല്ലാ വിശ്വാസികളും വരുമെന്നുവന്നാൽ എന്തായിരിക്കും അവസ്ഥ? ഖുർആന്റെ അവതരണം ഇപ്പോഴും നടക്കുന്നുണ്ടെന്നു വരും!

ചുരുക്കത്തിൽ ഓ! സത്യവിശ്വാസികളെ, എന്നു പറഞ്ഞ ശേഷം പറയുന്നതെല്ലാം എല്ലാ സത്യവിശ്വാസികൾക്കും ബാധകമല്ല. മറിച്ച് ശേഷം പറയപ്പെടുന്ന കാര്യം ആരെ ബാധിക്കുന്നുവോ അവർക്ക് മാത്രം ബാധകമാകുന്നതാണ്. തദടിസ്ഥാനത്തിൽ നബിയുടെ ജീവിതകാലത്ത് അദ്ദേഹത്തോട് അവിടത്തെ അനുചരന്മാർ അഭിമുഖം നടത്തുമ്പോൾ അനുവർത്തിക്കാൻ പറഞ്ഞ ഒരു കാര്യം പിൽകാലത്ത് വരുന്ന വിശ്വാസികൾക്ക് ബാധകമാണെന്ന് പറയുന്നത് തികച്ചും നിരർത്ഥകമാണ്.

**9 والذى نفس أبى القاسم بيده لينزلنّ عيسى ابن مريم إماما مقسطا، وحكما – عدلا ، فليكسرنّ الصليب ، وليقتلن الخنزير، وليصلحنّ ذات البين ، وليذهبن الشحناء ،وليعرضن عليه المال فلا يقبله ، ثم لئن قام على قبرى فقال : يا محمد لأجبته (أبو يعلى–٢٧٣٢)**

**(എന്റെ ആത്മാവ് ഏതൊരുവന്റെ കൈവശമാണോ അവൻ തന്നെയാണ് സത്യം, നീതിമാനായ**

**ഇമാമായും, ന്യായാധിപനായും ഈസാനബി(അ) ഇറങ്ങിവരും.അദ്ദേഹം കുരിശ് തകർക്കും, പന്നിയെ വധിക്കും, തർക്കം പരിഹരിക്കും, വിദ്വേഷം ഇല്ലാതാക്കും, ധനം അദ്ദേഹത്തിനു നൽകപ്പെടും അപ്പോൾ അദ്ദേഹം സ്വീകരിക്കില്ല. ശേഷം എന്റെ ഖബറിനരികിൽ നിന്ന് ഓ മുഹമ്മദ് എന്ന് വിളിച്ചാൽ ഞാൻ അദ്ദേഹത്തിനു ഉത്തരം നൽകും- അബൂ യഅ്ലാ -2732).**

ഇമാം അബൂ യഅ്ല തന്റെ മുസ്നദിൽ ഉദ്ധരിച്ച ഒരു ഹദീസാണ് മുകളിൽ ഉദ്ധരിച്ചത്. ഇസ്തിഗാസയുടെ സാധുത സ്ഥിരീകരിക്കാൻ വേണ്ടി ചിലർ ഈ ഭാഗം ഉദ്ധരിക്കാറുണ്ട്.എന്നാൽ വസ്തുത എന്താണെന്ന് നമുക്ക് പരിശോധിക്കാം.

അന്ത്യദിനത്തിന്റെ ലക്ഷണങ്ങളിൽ ഒന്നാണ് ഈസാനബി(അ) ഭൂമിയിലേക്ക് തിരിച്ചുവരിക എന്നത്. അദ്ദേഹം വന്നുകഴിഞ്ഞാൽ അദ്ദഹം പ്രവർത്തിക്കുന്നതെല്ലാം അൽഭുതമുളവാക്കുന്ന കാര്യങ്ങളായിരിക്കും.ലോകം മുഴുവൻ നീതി നടപ്പാക്കുക, പന്നികളെ കൊല്ലുക, കുരിശ് തകർക്കുക, മനുഷ്യർക്കിടയിലെ വിദ്വേഷം ഇല്ലായ്മ ചെയ്യുക, ദജ്ജാലിനെ വധിക്കുക തുടങ്ങിയവ ഉദാഹരണം.

ഈവിധം നിരവധി അൽഭുതങ്ങൾ പ്രകടിപ്പിച്ചുകൊണ്ടിരിക്കുന്ന അദ്ദേഹം നബി (സ) യുടെ ഖബ്റിനരികിൽ വന്ന് അദ്ദേഹത്തെ വിളിച്ചാൽ ആ വിളിക്ക് അദ്ദേഹത്തിന്റെ മുഅ്ജിസത്തിന്റെ ഭാഗമായി അവിടന്ന് ഉത്തരം നൽകും എന്നാണ് ഹദീസിൽ പറയുന്നത്, മുഅ്ജിസത്തിന്റെ ഭാഗമായി സംഭവിക്കുന്ന ഒരു കാര്യം സാധാരണവൽക്കരിക്കാൻ പാടുള്ളതല്ല.

അപ്പോൾ ഹദീസുമായി ബന്ധപ്പെട്ട് നാം മനസ്സിലാക്കേണ്ട കാര്യങ്ങൾ ഇവയാണ്:

1. മരണപ്പെട്ടവരെ വിളിക്കൽ വിമർശന വിധേയമായ കാര്യമല്ല. മരണപ്പെട്ടവരോട് അവർ മരണാവസ്ഥയിലായിരിക്കേ സഹായാർത്ഥന നടത്തലാണ് വിമർശന വിധേയമാകുന്നത്.

ഈസാനബി (അ) വിളിക്കുകയാണെങ്കിൽ തനിക്കല്ലാഹു ജീവൻ തിരിച്ചുതരുമെന്നും അപ്പോൾ ഞാൻ അദ്ദേഹത്തിനു ഉത്തരം നല്കുമെന്നുമാണ് പ്രവാചകൻ (സ) പറഞ്ഞതിന്റെ അർത്ഥം. ജീവൻ തിരിച്ചുകിട്ടിയ ഒരു വ്യക്തിയെ- അദ്ദേഹം ആരായാലും ശരി - വിളിക്കുന്നതിരിക്കട്ടെ അദ്ദേഹത്തോട് സഹായാർത്ഥന നടത്തൽ പോലും കുറ്റകരമായ കാര്യമല്ല.

2. ഈസാനബി ഖബറിനരികിൽ വന്ന് തന്നെ വിളിച്ചാൽ അദ്ദേഹത്തിനു ഞാൻ മറുപടി നൽകുമെന്നാണ് പ്രവാചകൻ (സ) പറഞ്ഞത്. ഈസാനബി (അ) തന്നോട് സഹായം ചോദിച്ചാൽ അദ്ദേഹത്തെ ഞാൻ സഹായിക്കുമെന്നല്ല.

3. ഈസാനബി (അ) തന്റെ ഖബ്റിനരികിൽ വന്നു തന്നെ വിളിച്ചാൽ താനദ്ദേഹത്തിനു ഉത്തരം നൽകും എന്നു പറഞ്ഞതിൽ നിന്നു തന്നെ മറ്റാരെങ്കിലും ഖബ്റിനരികിൽ വന്ന് വിളിച്ചാൽ ഉത്തരം നൽകാവുന്ന അവസ്ഥയിലല്ല നബി (സ) എന്ന് വ്യക്തമാകുന്നു.കാരണം നബി(സ) യുടെ ഖബ്റിനരികിൽ വന്ന് വിളിക്കുന്നവർക്കെല്ലാം ഉത്തരം നൽകാവുന്ന ഒരവസ്ഥയിലാണ് അദ്ദേഹം നിലകൊള്ളുന്നതെങ്കിൽ ഈസാ നബി (അ) വന്ന് വിളിച്ചാൽ ഞാൻ ഉത്തരം നൽകും എന്ന് പറയുന്നതിൽ എന്തു പ്രത്യകതയാണുള്ളത്?

4. ഖബ്റിനരികിൽ വന്ന് വിളിച്ചാൽ എന്നു പറഞ്ഞതിൽ നിന്നും ഈസാ (അ) അകലെനിന്ന് പ്രവാചകനെ വിളിച്ചാൽ ഉത്തരം നൽകുകയില്ലെന്ന് വ്യക്തമാകുന്നു .അപ്പോൾ ഈസാ നബിയുടെ വിളിയും , മുഹമ്മദ് നബി (സ) യുടെ ഉത്തരം നൽകലും സംഭവിക്കുകയാണെങ്കിൽ തന്നെ അത് ഈസാ നബിയുടെ മുഅ്ജിസത്തായിട്ടാണ് സംഭവിക്കുക . അത് കൊണ്ട് തന്നെ ആ സംഭവം ഇന്ന് നടക്കുന്ന ഇസ്തിഗാസക്ക് ഒരുവിധത്തിലും രേഖയാവുകയില്ല.

**10-എല്ലാ ആരാധനകളും പ്രാർത്ഥനകളാണെന്ന വാദത്തെ ന്യായീകരിച്ചുകൊണ്ട് ഒരു പണ്ഡിതൻ എഴുതുന്നത് കാണുക.**

അപ്പോൾ ഈ രണ്ട് ഹദീസുകളും - പ്രാർത്ഥനയാണ് ആരാധന, പ്രാർത്ഥന ആരാധനാ വർഗ്ഗത്തിലെ മജ്ജയാണ്.-മേൽ ആശയം വ്യക്തമായി പ്രഖ്യാപിച്ച ഒരു വലിയ ഹദീസിന്റെ സംക്ഷിപ്തരൂപമാണ്. മൻ ശഗലഹു ഇബാദത്തീ...................... എന്ന് തുടങ്ങുന്നതാണ് ആ ഹദീസ്. എന്റെ ഇബാദത്ത് ഏതൊരടിയാന് എന്നോട് പ്രാർത്ഥിക്കുന്നതിൽ നിന്നു ജോലിയാക്കിയോ അവനു ഞാൻ പ്രാർത്ഥിക്കുന്നവന് നൽകുന്നതിലും മികച്ചതു നൽകുന്നതാണ് എന്നത്രേ ആ ഹദീസ്. അതായത് ഒരാൾ തനിക്ക് ലഭിച്ച സമയം ദുആ ചെയ്യാൻ മെനെക്കെടാതെ അല്ലാഹുവിന്റെ ഇബാദത്തിൽ വിനിയോഗിച്ചാൽ അത്രയും സമയം ദുആയിൽ വിനിയോഗിച്ചതിലേറെ ശ്രേഷ്ഠമായത് ഇബാദത്തുകാരന് നൽകും എന്ന്. കാരണം. ഇബാദത്തുകളെല്ലാം പ്രാർത്ഥനയാണല്ലോ. അതെ, പ്രാർത്ഥന ഇബാദത്തുകളുടെ ഉള്ളിൽ ഒളിഞ്ഞുകിടക്കുന്ന മജ്ജയാണല്ലോ.

ഒരു അസത്യത്തെ സത്യമാക്കാനുള്ള തീവ്രശ്രമത്തിനിടെ എത്രയെത്ര വൈരുദ്ധ്യങ്ങളാണ്. ലേഖകൻ ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്!

1. അല്ലാഹുവിനു ഇബാദത്തെടുക്കുക വഴി ഒരാൾക്ക് പ്രാർത്ഥിക്കാൻ സമയം ലഭിക്കുന്നില്ല. എല്ലാ ഇബാദത്തുകളും പ്രാർത്ഥനയാണെന്നാണല്ലോ ലേഖകൻ പറയുന്നത്. എങ്കിൽ പിന്നെ ഇബാദത്തുകൊണ്ട് ജോലിയായതിനാൽ പ്രാർത്ഥിക്കാൻ സമയം ലഭിച്ചില്ല എന്നു പറയുന്നത് എങ്ങിനെ ശരിയാകും ?. മൽസ്യം തിന്നതിനാൽ മീൻ തിന്നാൻ കഴിഞ്ഞില്ല. എന്നു പറയുന്നത് പോലെയല്ലേ അത്?

2. പ്രാർത്ഥിക്കാതെ ഇബാദത്തെടുത്തവന് പ്രാർത്ഥിക്കുന്നവർക്ക് നൽകുന്നതിലും മികച്ച പ്രതിഫലം അല്ലാഹു നൽകും. എല്ലാ ഇബാദത്തുകളും പ്രാർത്ഥനയാണെങ്കിൽ പ്രാർത്ഥിക്കാതെ ഇബാദത്തെടുക്കാൻ കഴിയുമോ? പട്ടിണി കിടക്കാതെ നോമ്പെടുത്തു എന്നു പറയുന്ന പോലെയല്ലേ അത്?

ഓരോ ഇബാദത്തും പ്രാർത്ഥനയാണെങ്കിൽ പ്രാർത്ഥി

ക്കുന്നവർക്ക് നൽകുന്നതിനേക്കാൾ മികച്ച പ്രതിഫലം എങ്ങിനെയാണ് ഇബാദത്തു ചെയ്തവന് നൽകുക? ഞാൻ ഷർട്ടിനേക്കാൾ നല്ല കുപ്പായം ധരിക്കും എന്നു പറയുന്നത് പോലെയല്ലേ അത്?

3. ഇബാദത്തുകളെല്ലാം പ്രാർത്ഥനയാണ്. ഇബാദത്തുകളുടെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന മജ്ജയാണ് പ്രാർത്ഥന. ഈ പ്രസ്താവനകൾ പരസ്പരവിരുദ്ധങ്ങളല്ലേ?.ഒന്നാമത്തേ പ്രസ്താവനപ്രകാരം ഇബാദത്തുകൾ മുഴുവനും പ്രാർത്ഥനയാണ്. രണ്ടാമത്തെ പ്രസ്താവനപ്രകാരം ഇബാദത്തുകളുടെ ഉള്ളിൽ ഒളിഞ്ഞിരിക്കുന്ന ഒന്നാണ് പ്രാർത്ഥന. അതായത് പ്രാർത്ഥനക്കപ്പുറം ഒരുപാടുകാര്യങ്ങൾ ഇബാദത്തുകളിൽ അടങ്ങിയിരിക്കുന്നു!!!

**ഓർമ്മിക്കാൻ**

**11–** **وحقيقة الدعاء استدعاء العبد ربه جل جلاله العنايةواستمداده إياه المعونة (الرازى– ٥–٩٧)**

**അടിമ തന്റെ മഹാനായ രക്ഷിതാവിനോട് പരിഗണനയും, സഹായവും തേടലാണ് പ്രാർത്ഥനയുടെ യാഥാർത്ഥ്യം (റാസി-5-97). ഇമാം റാസിയുടെ ഈ പ്രസ്താവന സഹായാർത്ഥന ആരാധ്യനോടാകുമ്പോഴേ അതിനു പ്രാർത്ഥനയെന്ന പദം പ്രയോഗിക്കൂ എന്നു വ്യക്തമാക്കുന്നില്ലേ?**

തെളിവുകളിലൂടെ സ്ഥിരപ്പെടുന്ന കാര്യങ്ങൾ ചെയ്യുന്നതിനുപകരം, ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങൾക്ക് തെളിവുകൾ കണ്ടെത്താൻ ശ്രമിക്കുന്ന കാലത്തോളം ഇത്തരം അബദ്ധങ്ങൾ പറഞ്ഞുകൊണ്ടേയിരിക്കും.

**മറുപടി:**

ഇല്ല. കാരണം ദുആ എന്ന പദത്തിന്റെ പൊതുവായ അർത്ഥമെന്തെന്ന് ഇമാം റാസി വ്യക്തമാക്കിയത് നാം മുമ്പ് ഉദ്ധരിച്ചിട്ടുണ്ട്. എന്നാൽ ഇവിടെ അദ്ദഹം ചെയ്തത് അൽ ബഖറ 186-ാം സൂക്തത്തിൽ അല്ലാഹു പറഞ്ഞ ദുആ എന്ന പദത്തിന്റെ പ്രത്യകമായ ഉദ്ദേശ്യം വ്യക്തമാക്കുകയാണ്. അല്ലായിരുന്നുവെങ്കിൽ അല്ലാഹു അല്ലാത്ത ഏതു ദൈവത്തോട് സഹായാർത്ഥന നടത്തിയാലും അത് പ്രാർത്ഥനയാവില്ല എന്നു പറയേണ്ടിവരും. എന്തുകൊണ്ടെന്നാൽ ഇമാം റാസിയുടെ പ്രസ്താവനയിലുള്ളത് ربه جل جلاله (മഹാനായ തന്റെ രക്ഷിതാവിനോട്) എന്നാണ് അഥവാ അല്ലാഹുവിനോട് എന്നർത്ഥം.

ആകയാൽ മരണപ്പെട്ടുപോയവരോടുള്ള സഹായാർത്ഥന പ്രാർത്ഥനയല്ലെന്നു സ്ഥാപിക്കാൻ പറയുന്ന നിരർത്ഥകവാദമാണിത്.

**12– ഒരു പണ്ഡിതൻ എഴുതുന്നു: പ്രാർത്ഥന എന്ന വാക്കിന് അപേക്ഷ എന്ന അർത്ഥമാകുമ്പോൾ അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കാൻ പാടില്ല എന്നു പറഞ്ഞാൽ അതിനർത്ഥം അല്ലാഹു അല്ലാത്തവരോട് അപേക്ഷിക്കാൻ പാടില്ല എന്നാകുമല്ലോ. ഇതു ശരിയായ വാദമാണെന്ന് ആരെങ്കിലും പറയുമോ?**

**ഓ! സത്യവിശ്വാസികളെ, എന്നു പറഞ്ഞ ശേഷം പറയുന്നതെല്ലാം എല്ലാ സത്യവിശ്വാസികൾക്കും ബാധകമല്ല. മറിച്ച് ശേഷം പറയപ്പെടുന്ന കാര്യം ആരെ ബാധിക്കുന്നുവോ അവർക്ക് മാത്രം ബാധകമാകുന്നതാണ്. തുടക്കസ്ഥാനത്തിൽ നബിയുടെ ജീവിതകാലത്ത് അദ്ദേഹത്തോട് അവിടത്തെ അനുചരന്മാർ അഭിമുഖം നടത്തുമ്പോൾ അനുവർത്തിക്കാൻ പറഞ്ഞ ഒരു കാര്യം പിൽകാലത്ത് വരുന്ന വിശ്വാസികൾക്ക് ബാധകമാണെന്ന് പറയുന്നത് തികച്ചും നിരർത്ഥകമാണ്.**

**മറുപടി:**

യാഥാർത്ഥ്യം ഗ്രഹിക്കുന്നതിൽ വന്ന അബദ്ധമാണ് ഈ വിധം സംശയം പ്രകടിപ്പിക്കാൻ ലേഖകനെ പ്രേരിപ്പിച്ചത് എന്ന് വ്യക്തം. പ്രാർത്ഥന, സഹായാർത്ഥന, അപേക്ഷ എന്നൊക്കെപ്പറഞ്ഞാൽ ആശയപരമായി ഒന്നു തന്നെയാണ്. ഇമാം റാസി(റ) വ്യക്തമാക്കിയപോലെ, ഉപകാരങ്ങൾ ലഭ്യമാക്കാൻ തേടലോ, ഉപദ്രവങ്ങൾ നീക്കിത്തരാൻ ആവശ്യപ്പെടലോ ആണ് അവയുടെ സത്ത. ആകയാൽ ഇങ്ങിനെ തേടപ്പെടേണ്ടവൻ അല്ലാഹു മാത്രമാണ്. ഈ യാഥാർത്ഥ്യം ദിവസവും പതിനേഴു പ്രാവശ്യം സത്യവിശ്വാസി നിർബന്ധപൂർവ്വം പറഞ്ഞുകൊണ്ടിരിക്കുന്നു.

وإياك نستعين –ഇതു പറയുമ്പോൾ സ്വാഭാവികമായും ഉടലെടുക്കുന്ന ഒരു ചോദ്യമുണ്ട്. അപ്പോൾ ജീവിക്കുന്നവർ പരസ്പരം സഹായം ചോദിക്കുന്നതും കുറ്റകരമല്ലേ?

**മറുപടി:**

ജീവിക്കുന്നവർ പരസ്പരം സഹായം ചോദിക്കുന്നത് അല്ലാഹുവിന്റെ നിർദ്ദേശാനുവാദത്തിനു വിധേയമായിട്ടാണ്. അപ്പോൾ അല്ലാഹുവിനോട് മാത്രമേ സഹായാർത്ഥന നടത്താവൂ എന്ന പൊതു നിയമത്തിൽ അല്ലാഹു നൽകിയ ഒരു ഇളവായിട്ടു മാത്രമേ അതു പരിഗണിക്കപ്പെടുന്നുള്ളൂ. ഏതുപോലെയെന്നാൽ അല്ലാഹുവിന്നു മാത്രമേ സൂജൂദ് ചെയ്യാവൂ എന്ന് അല്ലാഹു നിർദ്ദേശിക്കുന്നു. ആദമിന്നു സൂജൂദ് ചെയ്യാൻ മലക്കുകളോട് അല്ലാഹു കൽപ്പിച്ചതായി നാം കാണുന്നു. ഇതു പക്ഷെ അല്ലാഹു അല്ലാത്തവർക്ക് സൂജൂദ് ചെയ്യാനുള്ള



രേഖയായി നാം ഗണിക്കുന്നില്ല.മറിച്ച് അല്ലാഹുവിനു മാത്രമേ സുജൂദ് ചെയ്യാവു എന്ന പൊതു നിയമത്തിൽ അല്ലാഹു നൽകിയ ഒരു ഇളവായിട്ടേ നാം അതിനെ കാണുന്നുള്ളൂ.

**13 ഒരു പണ്ഡിതൻ എഴുതുന്നു:**

**അല്ലാഹുവും ഈശ്വരനുമായി വിശ്വസിക്കുന്നവരോട് അഥവാ സങ്കൽപ്പിക്കപ്പെടുന്നവരോട് അപേക്ഷിക്കുമ്പോൾ മാത്രമേ അതിനു പ്രാർത്ഥന യെന്നു മലയാളത്തിലും, ദുആ എന്നു അറബിയിലും പറയുകയുള്ളൂ.അതേ പണ്ഡിതൻ തന്നെ ഇതിനു തൊട്ടുമുമ്പ് എഴുതുന്നു: അപ്പോൾ ഒരു ശിഷ്യൻ തന്റെ ഗുരുവിനോടോ, മകൻ തന്റെ ബാപ്പയോടോ, സാധരണക്കാർ അമ്പിയാ ഔലിയാ എന്നിവരോടോ, എന്താവശ്യപ്പെട്ടാലും അതു ദുആയാണ്. അപേക്ഷയാണ്.ജീവിക്കുമ്പോഴായാലും മരിച്ച ശേഷമായാലും ദുആ തന്നെ!**

വീണ്ടും അദ്ദേഹം പറയുന്നു: പ്രാർത്ഥന എന്ന വാക്കിനു അപേക്ഷ എന്നർത്ഥമാകുമ്പോൾ അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കാൻ പാടില്ല എന്നു പറഞ്ഞാൽ അതിനർത്ഥം അല്ലാഹു അല്ലാത്തവരോട് അപേക്ഷിക്കാൻ പാടില്ല എന്നാകുമല്ലോ. ഇതു ശരിയായ വാദമാണെന്ന് ആരെങ്കിലും പറയുമോ?

ദുആ, പ്രാർത്ഥന എന്നീ പദങ്ങളുടെ അർത്ഥകൽപനയിൽ ഭാഷാപണ്ഡിതന്മാർക്കിടയിലുള്ള അഭിപ്രായ ഭിന്നതകൾ ചൂണ്ടിക്കാണിക്കുകയാണ് ലേഖകന്റെ ഉദ്ദേശ്യമെങ്കിൽ അതിൽ താൻ സ്വീകരിക്കുന്നതേതാണെന്ന് അദ്ദേഹം വ്യക്തമാക്കേണ്ടിയിരുന്നു. അദ്ദേഹം അതു ചെയ്തിട്ടില്ല. കാരണം ഒരു പക്ഷെ ആവിധം തീരുമാനമെടുക്കാൻ അദ്ദേഹത്തിനു സാധിക്കാത്തത് കൊണ്ടാകാം.എന്നാൽ ഈ വിഷയത്തിൽ നാം പറയുന്നത് ഇപ്രകാരമാണ്.

പ്രാർത്ഥന, ദുആ എന്നീ പദങ്ങൾക്ക് വ്യത്യസ്ത അർത്ഥങ്ങളുണ്ടെന്ന് ചൂണ്ടിക്കാണിക്കുകയാണ് ഭാഷാപണ്ഡിതന്മാർ ചെയതത്. അതല്ലാതെ അപേക്ഷ ദിവ്യത്വം സങ്കൽപ്പിക്കപ്പെടുന്ന ശക്തിയോടാകുമ്പോൾ പ്രാർത്ഥന അഥവാ ദുആ ആകുകയുള്ളൂ എന്ന് വ്യക്തമാക്കുകയല്ല. അപേക്ഷ പ്രാർത്ഥനയാകാൻ അത് ദിവ്യത്വം സങ്കൽപിക്കപ്പെടുന്നവരോടാകേണ്ടതുണ്ടോ?

**ഖുർആൻ എന്ത് പറയുന്നു?.**

(فلا تدعوا مع الله أحدا (الجن) (അല്ലാഹുവിനോട് കൂടെ നിങ്ങൾ ഒന്നിനോടും പ്രാർത്ഥിക്കരുത്- ജിന്ന്).

ഇവിടെ أحدا എന്ന പദം ഏതെങ്കിലും ഒരു വ്യക്തിയേയോ, ഒരു വിഭാഗത്തേയോ പ്രത്യേകമായി സൂചിപ്പിക്കുന്നില്ല. മറിച്ച് അല്ലാഹു ഒഴികെയുള്ള സർവ്വതും അതിന്റെ പരിധിയിൽപെടും.

ഈ സൂക്തത്തിന്റെ അർത്ഥം പ്രവാചകൻ വ്യക്തമാക്കുന്നത് കാണുക,

روى الضحاك عن ابن عباس عن النبي ﷺ كان إذا دخل المسجد قدم اليمنى وقال: وأن المساجد لله فلا تدعوا مع الله أحدا، اللهم أنا عبدك وزائرك وعلى كل مزور حق وأنت خير مزور فأسألك برحمتك أن تفك رقبتى من النار (القرطبى)

നബി(സ)യിൽനിന്ന് ഇബ്നു അബ്ബാസ്(റ) വഴി ദഹ്ഹാക്ക്(റ) ഉദ്ധരിക്കുന്നു: നബി(സ) പള്ളിയിൽ പ്രവേശിക്കുമ്പോൾ ആദ്യം വലതു കാൽ എടുത്തുവെക്കും, എന്നിട്ടു പറയും: പള്ളികൾ അല്ലാഹുവിനുള്ളതാണ്. നിങ്ങൾ അല്ലാഹുവിനോടൊപ്പം ഒരാളോടും പ്രാർത്ഥിക്കരുത്. അല്ലാഹുവേ, ഞാൻ നിന്റെ അടിമയും, സന്ദർശകനുമാണ്. എല്ലാ സന്ദർശിക്കപ്പെടുന്നവനും ഒരവകാശമുണ്ട്. നീ ഉത്തമനായ സന്ദർശിക്കപ്പെടുന്നവനാണ്. നിന്റെ അനുഗ്രഹംകൊണ്ട് നിന്നോട് ഞാൻ ചോദിക്കുന്നു, എന്നെ നരകത്തിൽ നിന്ന് നീ മോചിപ്പിക്കേണമേ (ഖുർതുബി).

മുകളിൽ കൊടുത്ത ഖുർആൻ സൂക്തത്തിന്റെ അർത്ഥകൽപന എന്താണെന്ന് പ്രവാചകന്റെ പ്രവർത്തനം നമുക്ക് വ്യക്തമാക്കിത്തരുന്നു.

ഇനി ഇമാം റാസിയുടെ വിശദീകരണം കാണുക:

أن العامة يعبدون الله لا لكونه إلها وإنما يطلبون به شيئا وذلك إما دفع ضرر أو جر نفع (الرازى ٢٥-٢٥٦)

പൊതുജനം അല്ലാഹുവിനെ ആരാധിക്കുന്നത് അവൻ ആരാധ്യനായതു കൊണ്ടല്ല. നിശ്ചയം അവർ അവനോട് വല്ലതും ആവശ്യപ്പെടുക മാത്രമാണ് ചെയ്യുന്നത്. അതൊരുപക്ഷെ വല്ല ബുദ്ധിമുട്ടും തടുക്കലോ, വല്ല ഉപകാരവും ലഭ്യമാക്കലോ ആയിരിക്കും (റാസി25-256).

ഇവിടെ ഇമാം റാസി പറഞ്ഞതിന്റെ പൊരുളെന്താണ്?. ബഹുജനം അല്ലാഹുവിനോട് പോലും അവൻ ദൈവമാണ് എന്ന വിശ്വാസത്തോടെയല്ല ഒരു ഗുണം ചെയ്തുകൊടുക്കാനോ, ഒരു ബുദ്ധിമുട്ട് നീക്കിക്കൊടുക്കാനോ തേടുന്നത് അഥവാ ദുആ ചെയ്യുന്നത്. മറിച്ച് അത്തരം ഒരു വിശ്വാസം കൂടാതെയാണ്.

ചുരുക്കത്തിൽ ആരാധ്യനെന്ന വിശ്വാസത്തോടെ ഒന്നിനോട് നടത്തുന്ന സഹായാർത്ഥനയാണ് പ്രാർത്ഥന അഥവാ ദുആ എന്ന വാദം ഇസ്ലാമിക പ്രമാണങ്ങൾക്കു വിരുദ്ധമാണ്. ■